## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 552 — 10.06.2014 ലെ മറുപടിയ്ക്ക്

### ജി. ബി. സിൻഡ്രോം രോഗികൾക്ക് ചികിത്സാ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗില്ല്യൻ ബാരി സിൻഡ്രോം എന്ന അസുഖം ബാധിച്ച വ്യക്തികൾക്ക് കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ ചികിത്സാ സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | നൽകുന്നില്ല. ഗില്ല്യൻ ബാരി സിൻഡ്രോം എന്ന അസുഖം കാരുണ്യ ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | ഈ അസുഖത്തിന് ഭാരിച്ച ചികിത്സാ ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കുന്ന ഈ അസുഖം ബാധിച്ച രോഗികൾക്ക് ആന്റി ഇൻഫ്ളമേറ്ററി വിഭാഗത്തിൽപ്പെടുന്ന സ്റ്റീറോയിഡുകൾക്കു പുറമെ ഇമ്മ്യൂണോഗ്ലോബുലിൻ വിഭാഗത്തിൽപ്പെട്ട മരുന്നുകളും, വെന്റിലേറ്റർ സപ്പോർട്ടും, ദീർഘമായ നിരീക്ഷണവും ആവശ്യമായി വരുന്നതിനാൽ ഭാരിച്ച ചികിത്സാ ചിലവുകൾ വേണ്ടി വരുന്നുണ്ട്. |
| (സി) | നിർദ്ധനരായ രോഗികൾക്കുണ്ടാവുന്ന ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.